# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.5189 — 06.02.2014-ൽ മറുപടിയ്ക്ക്

## ട്രാഫിക്ക് നിയമലംഘനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം<br>ശ്രീ. സി.കെ.സദാശിവൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ട്രാഫിക്ക് നിയമ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ (**18.05.11** മുതൽ **25.01.14** വരെ) ട്രാഫിക്ക് നിയമ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് **7,39,909** കേസ്സുകളും **1,03,20,137** പെറ്റി കേസ്സുകളും ഉൾപ്പടെ ആകെ **1,10,60,046** കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ ട്രാഫിക്ക് നിയമ ലംഘനത്തെത്തുടർന്ന് എത്ര പേരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്ന് അറിയാമോ; എത്ര പേർക്ക് പിഴ ചുമത്തിയിട്ടുണ്ട് ; എത്ര പേർക്കെതിരെ മറ്റ് വിവിധ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ട്രാഫിക്ക് നിയമ ലംഘനത്തെത്തുടർന്ന് പോലീസ് വകുപ്പിൽ നിന്ന് **34,403** പേരുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ശുപാർശ നൽകുകയും, **95,74,304** പേർക്കെതിരെ പിഴ ചുമത്തുകയും, **3,43,803** പേർക്കെതിരെ മറ്റ് വിവിധ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് ആരുടേയും ലൈസൻസ് റദ്ദ് ചെയ്തിട്ടില്ല. മോട്ടോർ വാഹന |

വകുപ്പിൻ കീഴിൽ **1,58,749** പേർക്ക് പിഴ ചുമത്തുകയും, **29,738** പേർക്കെതിരെ ലൈസൻസ് സസ്പെൻ്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** ട്രാഫിക്ക് നിയമം പാലിക്കുന്നതിൽ നിന്നും മന്ത്രിമാർക്കോ, കാബിനറ്റ് പദവിയിലിരിക്കുന്നവർക്കോ മറ്റാർക്കെങ്കിലുമോ ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

**(സി)** ട്രാഫിക്ക് നിയമം പാലിക്കുന്നതിൽ നിന്നും മന്ത്രിമാർക്കോ, കാബിനറ്റ് പദവിയിലിരിക്കുന്നവർക്കോ മറ്റാർക്കെങ്കിലുമോ യാതൊരുവിധത്തിലുള്ള ഇളവുകളും അനുവദിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**